കോവളം തൊട്ട് തെക്കോട്ടുള്ള നാഷണൽ ഹൈവേ ബൈപ്പാസിന്റെ നിർമ്മാണം

45 [2348] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കോവളം തൊട്ട് തെക്കോട്ടുള്ള നാഷണൽ ഹൈവേ ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; അതിനുവേണ്ടി എത്ര സ്ഥലം ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ട്?

ഉത്തരം

(എ) കോവളം മുതൽ കളിയിക്കാവിള വരെയുള്ള ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. കോവളം മുതൽ മുക്കോല വരെയുള്ള സ്ഥലമെടുപ്പ് പൂർത്തിയായി. മുക്കോല മുതൽ കാഞ്ഞിരംകുളം വരെയുള്ള സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത ബൈപ്പാസ് കേന്ദ്ര സർക്കാരിന്റെ എൻ. എച്ച്. ഡി. പി. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കന്യാകുമാരി വരെ നാലുവരി പാതയായി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് വക കൊള്ളിച്ചിട്ടില്ല.

സർക്കാർ മേഖലയിൽ പുതിയ ഡിഗ്രി, പി. ജി. കോഴ്സുകൾ

46 [2349] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, പി. എസ്. സുപാൽ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ ഡിഗ്രി, പി. ജി. കോഴ്സുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രീ-ഡിഗ്രി നിർത്തലാക്കിയ സാഹചര്യത്തിൽ സർക്കാർ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി തൊഴിലധിഷ്ഠിതമായ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടിയുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും കോളേജുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡീംഡ് യൂണിവേഴ്സിറ്റിയായി സംസ്ഥാനത്തെ ഏതെങ്കിലും കോളേജ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ അനുമതി ആവശ്യമാണോ; എങ്കിൽ ഏതെല്ലാം കോളേജുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഒരു ഗവൺമെന്റ് ആർട്സ് ആൻറ് സയൻസ് കോളേജ് തുടങ്ങുന്നതിന് അനുമതി നൽകി 22-7-2005-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് അധികാരം നൽകി നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നാളിതുവരെ ഒരു കോളേജിനും സ്വയംഭരണ സ്ഥാപനങ്ങളായി അംഗീകാരം ലഭിച്ചിട്ടില്ല. മാനദണ്ഡം നിശ്ചയിക്കുന്നത് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനാണ്.

(ഇ) ഡീംഡ് യൂണിവേഴ്സിറ്റിയായി കോളേജുകളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യു. ജി. സി. സർക്കാരിന്റെ അഭിപ്രായം തേടാറുണ്ട്. ഇതുവരെ ഒരു കോളേജിനും സർക്കാർ അനുമതി നൽകിയിട്ടില്ല.

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

47 [2350] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, വർക്കല കഹാർ:
,, സി. പി. മുഹമ്മദ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ എസ്.എസ്.എൽ.സി.ക്ക് കരസ്ഥമാക്കിയ ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിരുന്നത്;

(സി) മുൻ പ്രാവശ്യങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എത്ര മാർക്കുവരെ വാങ്ങിയവർക്കാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്;

(ഡി) ഈ വർഷം മുതൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഇത്തരം ആനുകൂല്യം നൽകുവാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly